നാളിതുവരെ തൃശ്ശൂർ നഗരസഭയിൽ 35 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 2010 ഡിസംബർ 31 വരെ 3441 വീടുകൾ സംബന്ധിച്ച് തൃശ്ശൂർ നഗരസഭയിൽ എഗ്രിമെൻറ് വച്ചിട്ടുണ്ട്.

ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതിയുടെ വായ്പാ തിരിച്ചടവ്

142(350) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതിയുടെ വായ്പാ തിരിച്ചടവ് സംബന്ധിച്ച് 2010-ൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ വായ്പാ വിവരം നൽകുന്നതിന് അനുവദിച്ചിരുന്ന തീയതി എന്നായിരുന്നു ;

(ഡി) എത്രപഞ്ചായത്തുകളിൽ നിന്നാണ് നിശ്ചയിച്ചിരുന്ന സമയത്തിനുള്ളിൽ വായ്പാവിവരം മാർഗ്ഗനിർദ്ദേശ പ്രകാരം സമർപ്പിച്ചത് : വായ്പാവിവരം സമർപ്പിക്കാതിരുന്ന പഞ്ചായത്തുകളുടെ കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) 2010-സെപ്റ്റംബർ 30 വരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്ക് പലിശ അനുവദിക്കുന്നതിനുള്ള ക്ലെയിമുകൾ ജൂലൈ, ഒക്ടോബർ, ജനുവരി, ഏപ്രിൽ മാസങ്ങളിൽ 5-ാം തീയതിയ്ക്ക് മുമ്പായി തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയ്ക്കും കൺട്രോളിംഗ് ഓഫീസർമാർക്കും സമർപ്പിക്കേണ്ടതാണ്.

(ഡി) 2011 ജനുവരി 10- വരെ 676 ഗ്രാമപഞ്ചായത്തുകൾ, 12 ബ്ലോക്ക് പഞ്ചായത്ത്, 2 ജില്ലാപഞ്ചായത്ത്, 24 നഗരസഭകൾ എന്നിവ വായ്പാ വിവരം സമർപ്പിച്ചിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ആയവ ലഭ്യമാകുന്ന മുറയ്ക്ക് വായ്പയുടെ പലിശ സർക്കാർ ലഭ്യമാക്കുന്നതാണ്.

ഇ.എം.എസ്. ഭവനപദ്ധതി

143(351) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ എത്ര വീടുകൾ പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(ബി) ഇനി എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly